# പ്രാർത്ഥന, ഒരു അത്ഭുതശക്തി!

## തോമസ് ഫിലിപ്പ്, റാന്നി

മനുഷ്യജീവിതത്തിലെ അതിപ്രധാനമായ കാര്യം പ്രാർത്ഥനയാകുന്നു. പ്രാർത്ഥനയുടെ വിലയും ശക്തിയും മനസ്സിലാക്കിയിട്ടുള്ളവർ ആരും അതിനെ അവഗണിച്ചുകളയുകയില്ല.

ആത്മീയജീവിതത്തിന്റെ ഓജസ്സും തേജസ്സും ശക്തിയും പ്രാർത്ഥനയാകുന്നു. സുപ്രസിദ്ധ സുവിശേഷപ്രാസംഗികനായിരുന്ന ജോൺ വെസ്ലി ഒരിക്കൽ പറഞ്ഞു: 'എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം പ്രാർത്ഥനയാകുന്നു. പ്രാർത്ഥനയിൽ ഉദാസീനത കാണിച്ചാൽ എന്നിലുള്ള ദൈവാഗ്നി ഏറെയായി നഷ്ടപ്പെട്ടു പോകുന്നു'. പ്രാർത്ഥനയുടെ പ്രയോജനം അവർണ്ണനീയമാകുന്നു. ഏതു ജീവിതത്തകർച്ചകളിൽ നിന്നും നിരാശതകളിൽ നിന്നും ആകുലചിന്തകളിൽ നിന്നും രോഗദുഃഖങ്ങളിൽ നിന്നും മനുഷ്യനെ രക്ഷിയ്ക്കാൻ പ്രാർത്ഥന പോലെ ഉതകുന്ന മറ്റൊരു ശക്തിയും ലോകത്തിലില്ല.

എന്താണ് പ്രാർത്ഥന? വെറുമൊരു മതാനുഷ്ഠാനം മാത്രമാകുന്നുവോ അത്? മനുഷ്യനും വലിയവനായ ദൈവവും തമ്മിലുള്ള സംഭാഷണവും സംസർഗവുമാകുന്നു, ആത്മാർത്ഥമായ പ്രാർത്ഥന. പ്രാർത്ഥനയല്ലാതെ ദൈവത്തോടു ബന്ധപ്പെടുവാൻ മനുഷ്യർക്കു ലോകത്തിൽ മറ്റൊരു മാധ്യമവുമില്ല.

കത്തോലിക്കാസഭയിലെ പൂനയിലുള്ളൊരു ഡോ. ഔസേപ്പറമ്പിൽ അച്ചനെ ആദരിച്ചുകൊണ്ടു കഴിഞ്ഞ ഒക്ടോബർ മാസത്തിൽ അമേരിക്കയിൽ നടന്നൊരു ടെലിഫോൺ സാഹിത്യസല്ലാപത്തിൽ ഞാനും പങ്കുകൊണ്ടിരുന്നു. ആ സാഹിത്യസല്ലാപത്തിൽ അന്ന് ഡോ. ജെ ഔസേപ്പറമ്പിൽ അച്ചൻ ഏതോ ഒരു സന്ദർഭത്തിലായി ഇങ്ങനെ പറഞ്ഞു, 'പ്രാർത്ഥനയ്ക്കു ദൈവവുമായി ബന്ധമൊന്നുമില്ല'. അതു കേട്ടു ഞാൻ അമ്പരന്നുപോയി. ആത്മീയജീവിതത്തിൽ നിരാശാജനകമായ പാപ്പരത്തം എത്ര ഭയാനകമായിരിക്കുന്നു എന്നോർത്തു നോക്കുക. സർവാരാധ്യനായ ഫ്രാൻസിസ് മാർപ്പാപ്പയും 'നരകം ഇല്ലെന്ന'മൊക്കെയുള്ള സത്യവിശ്വാസ, സഭാവിരുദ്ധമായിട്ടുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കുകയും ചെയ്തുകൊണ്ടിരിക്കയാണല്ലോ. ക്രിസ്തുവിശ്വാസികളെപ്പോലും പിശാച് വിദഗ്ധമായ രീതിയിൽ നാശത്തിലേയ്ക്കു വഴി തെറ്റിച്ചുകൊണ്ടിരിയ്ക്കുന്ന ഉത്തമോദാഹരണങ്ങളിൽ ചിലതു മാത്രമാകുന്നിവ. എല്ലാ ക്രൈസ്തവസഭകളിലും ദൈവവിശ്വാസം ഇന്നു മന്ദീഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഡിക് ഈസ്റ്റമാൻ പ്രാർത്ഥനയെ ആത്മീയജീവിതത്തിന്റെ ശ്വാസോച്ഛ്വാസമായിട്ടാണ് ഉപമിച്ചിരിക്കുന്നത്. പ്രാർത്ഥന കൂടാതുള്ള ദൈവവിശ്വാസവും ആത്മീയജീവിതവും നിരർത്ഥകവും നിർജീവവുമാകുന്നു.

ദൈവം മനുഷ്യവർഗത്തെ സൃഷ്ടിച്ചതിന്റെ മുഖ്യോദ്ദേശം ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കാൻ വേണ്ടിയാകുന്നു. 'ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വിൻ' എന്നാണു ദൈവം നമ്മോടു കല്പിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ഇന്നു നാം ദൈവത്തെ മഹത്വപ്പെടുത്തിത്തന്നെയാണോ ജീവിക്കുന്നത്? നമ്മുടെ ആത്മീയജീവിതത്തിൽ ഇന്നു പ്രാർത്ഥനയ്ക്കുള്ള സ്ഥാനമെന്ത്? അധികം പേരും ഇന്നു പ്രാർത്ഥിക്കുവാനുള്ള നിഷ്ഠയോ താല്പര്യമോ ഉള്ളവരല്ല. അമേരിക്കയിലെ 65 ശതമാനമാളുകളും ദൈവവിശ്വാസികളാകുന്നു. എന്നാൽ അമേരിക്കയിൽ ബഹുഭൂരിപക്ഷം ക്രിസ്ത്യാനികൾക്കും പള്ളിയിൽ പോകാനോ അവരുടെ ഭവനങ്ങളിൽ ദിവസേന ഒരു പ്രാവശ്യമെങ്കിലും അഞ്ചു മിനിറ്റ് പ്രാർത്ഥിയ്ക്കാനോ ഇന്നു സമയമില്ല. മൂവികളോ മ്യൂസിക്കോ വിനോദരംഗങ്ങളോ കാണാനും കേൾക്കാനും കമ്പ്യൂട്ടറിന്റേയും ലാപ്‌റ്റോപ്പിന്റേയുമൊക്കെ മുമ്പിൽ ഇരിക്കാനും ഷോപ്പിംഗുകളിൽ ചിലവഴിയ്ക്കാനും ഫോണിൽ കൂട്ടുകാരുമായി സംസാരിയ്ക്കാനും ഉടുത്തൊരുങ്ങാനുമൊക്കെ അമേരിക്കൻ മലയാളികൾക്കും ധാരാളം സമയമുണ്ട്. എന്നാൽ ദൈവത്തെ മഹത്വപ്പെടുത്താനും, അനുഭവിക്കുന്ന നന്മകൾക്ക് ഉടയവനു നന്ദി പറയാനും ആധുനികമനുഷ്യർക്കിന്നു സമയമില്ല! എങ്കിലും എല്ലാ വർഷവും നവംബർ മാസത്തിൽ 'താങ്ക്സ് ഗിവിങ് ഡേ' ആഘോഷത്തിലൂടെ അമേരിക്കൻ ജനത അനുഭവിക്കുന്ന എല്ലാ നന്മകൾക്കും ദൈവത്തിനു നന്ദി അർപ്പിക്കുന്നത് അവരുടെ അഭിനന്ദനീയമായ ഉൽകൃഷ്ടതയെ തന്നെയാണ് ഉയർത്തിക്കാണിക്കുന്നത് എന്നുള്ള കാര്യത്തിൽ സംശയമില്ല.

ശിഷ്യന്മാർ യേശുവിനോട് 'ഞങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ' എന്നപേക്ഷിച്ചു. 'നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ' എന്നു പറഞ്ഞ്, 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നു തുടങ്ങുന്ന മനോഹരമായ പ്രാർത്ഥന അവൻ അവർക്കു പറഞ്ഞുകൊടുത്തു. യേശുവിന്റെ ഐഹികജീവിതത്തിൽ അതിപ്രധാനമായൊരു സ്ഥാനം പ്രാർത്ഥനയ്ക്കുണ്ടായിരുന്നെന്നു നാം സുവിശേഷങ്ങളിൽ വായിക്കുന്നു. 'താൻ അവരെ വിട്ട് ഒരു കല്ലേറു ദൂരത്തോളം മാറിപ്പോയി മുട്ടുകുത്തി. പിന്നെ അവൻ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു. അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളി പോലെയായി.' കുരിശുമരണത്തിനു മുമ്പുള്ള ക്രിസ്തുവിന്റെ അതിശക്തമായ പ്രാർത്ഥനയായിരുന്നു അത്.

പ്രശസ്തരും പ്രതിഭാശാലികളും ബുദ്ധിമാന്മാരുമായ പല മഹൽവ്യക്തികളും പ്രാർത്ഥനയുടെ മധുരഫലങ്ങൾ അനുഭവിച്ചിട്ടുള്ളവരാകുന്നു. പ്രാർത്ഥന ഏത് ആപത്തിലും തക്ക പ്രതിവിധിയാണെന്നു വില്യം ഗോജ് പറഞ്ഞു. 'എനിക്കു മറ്റെങ്ങും പോകാനിടമില്ലെന്നു പൂർണബോധ്യം വരുമ്പോൾ ഞാൻ മുട്ടിന്മേൽ വീഴാറുണ്ട്' എന്ന് ഏബ്രഹാം ലിങ്കൺ ഒരിക്കൽ പറഞ്ഞു. നിരന്തരമായ പ്രാർത്ഥനാജീവിതം നയിക്കുന്നവർക്കു മാത്രമേ ദൈവകൃപകൾ ആവോളം അനുഭവിച്ചു ജീവിയ്ക്കാൻ സാധിക്കയുള്ളൂ.

അത്ഭുതശക്തിയുള്ള ഒരായുധമാകുന്നു പ്രാർത്ഥന. ആറ്റമിക്ക് എനർജിയേക്കാൾ ശക്തി പ്രാർത്ഥനയ്ക്കുണ്ടെന്നു സുപ്രസിദ്ധ ഗ്രന്ഥകാരൻ നോർമൻ വിൻസന്റ് പിയൽ തന്റെയൊരു ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. 'ഈ ലോകം സ്വപ്നം കാണുന്നതിനേക്കാളധികം കാര്യങ്ങൾ പ്രാർത്ഥനയാൽ സാധിക്കുന്നു' (More things are wrought by prayers than this world dreams of') എന്നു ടെന്നിസൺ 'പ്രാർത്ഥന' എന്ന തന്റെ കവിതയിൽ പറഞ്ഞിരിക്കുന്നു. എല്ലാറ്റിനും വ്യതിയാനങ്ങൾ വരുത്തുവാൻ പ്രാർത്ഥനയ്ക്കു ശക്തിയുണ്ട്. പച്ചവെള്ളത്തെ വീഞ്ഞാക്കിത്തീർക്കാനും, അന്ധനു കാഴ്ച നൽകാനും, മരുഭൂമിയെ മലർവാടിയും വരണ്ട നിലത്തെ നീർത്തടാകവും ആക്കി മാറ്റാനും, കടലിനെ ഉണങ്ങിയ നിലമാക്കിത്തീർക്കാനും, സൂര്യനേയും ചന്ദ്രനേയും സ്വസ്ഥാനത്തു നിശ്ചലമാക്കി നിർത്താനുമുള്ള അത്ഭുതശക്തി പ്രാർത്ഥനയ്ക്കുണ്ട്. സകലതിനും കാരണഭൂതൻ ദൈവമാകുന്നു. അമേരിക്കയിലെ യുക്തിവാദികളായ പഠിപ്പുള്ള മലയാളികൾ പോലും ഈ പ്രപഞ്ചസത്യങ്ങൾ അംഗീകരിക്കയില്ലെങ്കിലും, എന്നേയും നിങ്ങളേയും ജീവിപ്പിക്കുന്നതും സകലതിനേയും ചലിപ്പിക്കുന്നതും ലോകത്തെ നിയന്ത്രിച്ചു ഭരിക്കുന്നതുമായ അദൃശ്യകരം ദൈവത്തിന്റേതാണെന്ന് ഓർത്താലും! 'ദ ലൈഫ് ഓഫ് എവരി ലിവിങ് തിങ് ഈസ് ഇൻ ഹിസ് ഹാൻഡ് ആസ് വെൽ ആസ് ദ ബ്രെത്ത് ഓഫ് ഓൾ മാൻകൈൻഡ്' (ജോബ് 12:10).

മനോഹരമായ രണ്ടു പ്രാർത്ഥനകളുടെ ദൃഷ്ടാന്തങ്ങൾ കൂടി പറഞ്ഞുകൊണ്ടു ഞാനിതിവിടെ ഉപസംഹരിക്കുന്നു. പുരാണത്തിലെ പ്രഹ്ലാദന് ഒരിക്കൽ ഭഗവാൻ പ്രത്യക്ഷപ്പെട്ട് ഇഷ്ടമുള്ളൊരു വരം ചോദിക്കാനുള്ള അനുവാദം കൊടുത്തു. 'തന്നെ ഉപദ്രവിച്ചിട്ടുള്ള ശത്രുക്കൾക്കാർക്കും ഒരു ദോഷവും വരുത്തരുതേ': പ്രഹ്ലാദന് ഈശ്വരനോടുള്ള അപേക്ഷ ഇതു മാത്രമായിരുന്നു. ശത്രുക്കൾക്കു പോലും നന്മ വരട്ടെയെന്നു ചിന്തിക്കുന്ന നിസ്വാർത്ഥസുന്ദരമായ പ്രാർത്ഥന. ഇങ്ങനെ പ്രാർത്ഥിയ്ക്കാൻ നമുക്കിന്നു കഴിയുമോ? 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ' എന്നുള്ള ക്രിസ്തുവിന്റെ ഉപദേശത്തിന്റെ പൊരുളും മറ്റൊന്നല്ലല്ലോ. അന്യരോടു പകയും വിദ്വേഷവും ശത്രുതയും അസൂയയുമൊക്കെ മനസ്സിൽ വെച്ചു പുലർത്തിക്കൊണ്ടുള്ള പ്രാർത്ഥനകളും ദൈവാരാധനകളുമല്ലേ നാമിന്നു നടത്തിക്കൊണ്ടിരിക്കുന്നത്? പ്രാർത്ഥനകൾ കൊണ്ടും ദൈവത്തെ കബളിപ്പിക്കാൻ ശ്രമിക്കുന്നവരാണ് അധികം പേരും. അടുത്ത പ്രാർത്ഥന നമുക്കെല്ലാം സുപരിചിതമായിട്ടുള്ള ലൂക്കോസിന്റെ സുവിശേഷത്തിൽ പറയുന്ന പരീശന്റേയും ചുങ്കക്കാരന്റേയും പ്രാർത്ഥനയാണ്. പരീശൻ തന്റെ സൽക്കർമ്മങ്ങൾ ഓരോന്നും എടുത്തുപറഞ്ഞു നീതീകരിച്ചുകൊണ്ടു പ്രാർത്ഥിച്ചു. ചുങ്കക്കാരനോ, ദൂരത്തു നിന്നുകൊണ്ടു സ്വർഗത്തിലേയ്ക്കു നോക്കാൻ പോലും തുനിയാതെ മാറത്തടിച്ച് 'ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകണമേ' എന്നു പറഞ്ഞു പ്രാർത്ഥിച്ചു. സ്വർഗം കേൾക്കുന്ന മധുരമനോജ്ഞമായ വിശ്വാസിയുടെ ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥന! ദൈവം ചുങ്കക്കാരന്റെ പ്രാർത്ഥന കേട്ടു. നീതീകരിക്കപ്പെട്ടവനായി അവന്റെ വീട്ടിലേയ്ക്കു പോയി.

പാപമോചനം പ്രാപിക്കാതെയുള്ള ഹൃദയങ്ങളിൽ നിന്നുള്ള പ്രാർത്ഥനകൾ ദൈവം കേൾക്കയില്ല. 'ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു. എന്നാൽ ദൈവം കേട്ടിരിക്കുന്നു' എന്നു സങ്കീർത്തനക്കാരൻ പാടിയിരിക്കുന്നു.

പ്രാർത്ഥനയുടെ അവാച്യമായ മറ്റൊരു മധുരാനുഭവം അതു മനുഷ്യഹൃദയങ്ങളെ അതുല്യമായ സന്തോഷവും സമാധാനവും കൊണ്ടു നിറയ്ക്കുന്നു എന്നുള്ളതാകുന്നു. കോടിക്കണക്കിനു ഡോളർ കൊടുത്താൽപ്പോലും ലഭിക്കാത്ത അഭൗമികമായ ആനന്ദവും സമാധാനവും തന്നെയാണിത്. ഈ സത്യം മനസ്സിലാക്കുവാൻ സാധിക്കാതെ പൈശാചികമായ കടുത്ത നിരാശയുടെ അന്ധകാരാനുഭവത്തിൽ കൂടി കടന്നുപോകയും, രക്ഷാമാർഗമെന്നോണം ആത്മഹത്യയെത്തന്നെ ആശ്ലേഷിച്ചു ജീവിതം തള്ളിനീക്കുകയും ചെയ്യുന്ന ആയിരമായിരം മനുഷ്യരിന്നു ലോകത്തിലുണ്ട്. ദൈവവിശ്വാസികൾ പോലും ഉണ്ടിതിൽ. തകർന്നു ജീവിക്കുന്ന മനുഷ്യരെയെല്ലാമോർത്തു നമുക്കു പ്രാർത്ഥിക്കാം. വൈദ്യശാസ്ത്രത്തിന് അസാധ്യമായ രോഗസൗഖ്യവും ഇന്നു പ്രാർത്ഥനയാൽ സാധിക്കുന്നു എന്നുള്ള സത്യവും നാം മറക്കാതിരിക്കുക.

വിശ്വവിഖ്യാത കഥാകാരനായിരുന്ന ലിയോ ടോൾസ്റ്റോയി പ്രാർത്ഥനയെപ്പറ്റി ഇങ്ങനെ പറഞ്ഞു, 'പ്രാർത്ഥിക്കുന്ന ഓരോ അവസരത്തിലും നിങ്ങളുടെ ഹൃദയത്തിനു പുതിയൊരു ഉത്തേജനവും ജീവിതത്തിനു പുതിയൊരു അർത്ഥവും കിട്ടുന്നു'. നമ്മുടെ വിലയേറിയ ജീവിതത്തിന് ഇന്ന് ഒരു അർത്ഥമോ ലക്ഷ്യമോ ഉണ്ടോ? നമ്മുടെ ഈ ജീവിതയാത്ര എങ്ങോട്ട്?

ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്നവരെ ബുദ്ധിമാന്മാരായി ദൈവം വിലയിരുത്തിയിട്ടുമുണ്ടല്ലോ. അടുത്ത അമേരിക്കൻ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മൈക്ക് പെൻസ് ദൈവഭക്തനായൊരു രാഷ്ട്രീയനേതാവാകുന്നു. ആ ആത്മചൈതന്യം അദ്ദേഹത്തിന്റെ മുഖത്തു ദർശിക്കുകയും ചെയ്യാം. പ്രാർത്ഥനയാണ് എന്റെ പ്രതിപാദ്യവിഷയം. നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കു വേണ്ടിയും കുടുംബത്തിനു വേണ്ടിയും മറ്റുള്ളവരുടെ നന്മകൾക്കു വേണ്ടിയും പാപത്തിന്റെ വഴികളിൽ നശിച്ചുകൊണ്ടിരിക്കുന്ന യുവതലമുറകൾക്കു വേണ്ടിയും നമ്മുടെ നാടിനും ഇന്ത്യയ്ക്കു വേണ്ടിയും അമേരിക്കയ്ക്കു വേണ്ടിയും ലോകരാഷ്ട്രങ്ങൾക്കു വേണ്ടിയും മനുഷ്യവർഗത്തിനു വേണ്ടിയും ലോകസമാധാനത്തിനു വേണ്ടിയും നമുക്കു പ്രാർത്ഥിക്കാം. ഗുരുതരങ്ങളായ രോഗങ്ങൾ മൂലം കഷ്ടപ്പെടുന്നവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കാം. വിവിധങ്ങളായ വിഷമസന്ധികളിലൂടെ കടന്നുപോകുന്നവരുടെ വിടുതലുകൾക്കും സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കാം. വരാവുന്ന രോഗങ്ങളിൽ നിന്നും ആപത്തനർത്ഥങ്ങളിൽ നിന്നുമുള്ള സംരക്ഷണത്തിനു ദൈവാനുഗ്രഹത്തിനും വേണ്ടിയും നമുക്കു പ്രാർത്ഥിക്കാം.